**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 262** **15-02-2024 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാനസൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. ഐ. ബി. സതീഷ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ ലോകോത്തര നിലവാരത്തിലേക്ക് വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ ലോകോത്തര നിലവാരത്തിലേക്ക് വികസിപ്പിയ്ക്കുന്നതിന്റെ ഭാഗമായി കേരളം സന്ദർശിക്കുന്ന വിദേശ-സ്വദേശി വിനോദ സഞ്ചാരികൾക്ക് ലോകോത്തര നിലവാരത്തിലുള്ള സന്ദർശനാനുഭവം പ്രദാനം ചെയ്യുന്നതിനായി വിവിധങ്ങളായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി സഞ്ചാരികൾക്ക് നൂതനാനുഭവം പകരുന്ന വില്ലേജ് ലൈഫ് എക്സ്പീരിയൻസ്, സ്ട്രീറ്റ്, എത്തിക് ക്യൂസീൻ തുടങ്ങിയ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഹെലി ടൂറിസം, കാരവൻ ടൂറിസം തുടങ്ങിയ നൂതന പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. രാത്രികാല ടൂറിസം നടപ്പാക്കുന്നതിനുള്ള പദ്ധതിയും ആരംഭിച്ചിട്ടുണ്ട് . അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം വൃത്തിയും ശുചിത്വവുമുള്ള ടൂറിസം കേന്ദ്രങ്ങൾ ലക്ഷ്യമിട്ടുകൊണ്ട് ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ എന്ന പദ്ധതി നടപ്പാക്കി വരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പ് വരുത്തുന്നതിനായി കുടുംബശ്രീയുടെ സഹരണത്തോടെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ. കൂടാതെ കോവളത്തെയും ഇടുക്കി ജില്ലയിലെ ഡെസ്റ്റിനേഷനുകളിലെയും മാലിന്യ സംസ്കരണത്തിനായും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>കേരളത്തിലെ പ്രധാന ഹൈവേകളിൽ ടൂറിസം കേന്ദ്രങ്ങളുടെ വികസനം, നിലവിലുള്ളതും |

| | | | |
|---|---|---|---|
| | | | പുതിയതുമായ കേന്ദ്രങ്ങളുടെ കാര്യക്ഷമതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും, വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിലവാരമുള്ള ടോയ്‌ലറ്റ് സ്ഥാപിക്കൽ, അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ, പുതിയ കാരവൻ പാർക്കുകൾ, സാഹസിക ടൂറിസം പ്രമോഷൻ, ജൈവവൈവിധ്യവും സാഹിത്യ സർക്യൂട്ടുകളുടെ വികസിപ്പിക്കൽ, കോവളം, വർക്കല, വാഗമൺ, മൂന്നാർ എന്നിവിടങ്ങളിൽ വിനോദസഞ്ചാര സൗകര്യങ്ങളുടെ നവീകരണം, അസറ്റ് മാനേജ്മെന്റ് മാപ്പിംഗ്, ക്രൂയിസ് ടൂറിസം മുതലായവ ടൂറിസത്തിന്റെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കി വരുന്നു. KTIL, KTDC, DTPC, BRDC എന്നീ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾ മുഖേനയും ടൂറിസത്തിലെ അടിസ്ഥാന സൗകര്യങ്ങൾ ലോകനിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിലിടങ്ങളിൽ ഉണ്ടാകുന്ന ജോലി സമ്മർദ്ദം കുറയ്ക്കുന്നതിനായി വിനോദത്തിനുള്ള ഘടകങ്ങളോടൊപ്പം ജോലി ചെയ്യാനുള്ള സൗകര്യങ്ങളും ഒരുക്കി, തൊഴിലും വിനോദവും ഒരുമിച്ച് കൊണ്ടുപോകുന്ന ഒരു പുതിയ ആശയമാണ് "വർക്കേഷൻ". പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ ആരംഭിച്ചു. നവീന ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിന് സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ടൂറിസം ഇൻവസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിച്ചു. ഇതിന്റെ തുടർ പ്രവർത്തനങ്ങൾക്ക് ടൂറിസം ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു. |
| (ബി) | സംസ്ഥാനത്തെ ടൂറിസം മേഖലയുടെ ഗുണനിലവാരവും സൗകര്യങ്ങളും വികസിപ്പിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്; ഏതൊക്കെ സ്ഥാപനങ്ങളാണ് പ്രസ്തുത പദ്ധതികളുടെ ചുമതല നിർവ്വഹിക്കുന്നത്; അറിയിക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |
| (സി) | നിലവിലുള്ള ഹോട്ടലുകളുടെ നിലവാരവും ശേഷിയും വർദ്ധിപ്പിക്കൽ, പ്രാദേശിക ഉത്പന്നങ്ങളും അവയുടെ പരിപാലനവും, അടിസ്ഥാനസൗകര്യ വികസന പദ്ധതികളുടെ നവീകരണം എന്നിവ നിർവ്വഹിക്കുന്നതിന് ഏതെങ്കിലും ഏജൻസികൾക്കോ സ്ഥാപനങ്ങൾക്കോ ചുമതല നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ? | (സി) | ടൂറിസം മേഖലയിൽ പൊതു - സ്വകാര്യ മേഖലയിൽ നിരവധി ഹോട്ടലുകളും ഹോസ്പിറ്റാലിറ്റി സംരംഭങ്ങളും പ്രവർത്തിയ്ക്കുന്നുണ്ട്. ടൂറിസം വകുപ്പിന് കീഴിലുള്ള കെ.റ്റി.ഡി.സി. ഹോസ്പിറ്റാലിറ്റി മേഖലയിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കാനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. അതോടൊപ്പം സ്വകാര്യ ഹോസ്പിറ്റാലിറ്റി സംവിധാനങ്ങളുമായി മികച്ച ബന്ധം പുലർത്തി ടൂറിസം രംഗം നല്ല നിലയിൽ നിലനിർത്തുന്നുണ്ട്. കേരള ട്രാവൽ മാർട്ട് പോലെ ടൂറിസം മേഖലയിലെ |

| | | | |
|---|---|---|---|
| | | | സംഘടനകളും ടൂറിസം വകുപ്പുമായി ചേർന്ന് ട്രാവൽ മാർട്ട് പോലുള്ള വിവിധ പരിപാടികൾ സംഘടിപ്പിയ്ക്കുന്നു. |

സെക്ഷൻ ഓഫീസർ